(ബി) മുഖ്യമന്ത്രിയും മന്ത്രിമാരും വിവിധ സന്ദർഭങ്ങളിലായി സർക്കാരിനു വേണ്ടി പ്രഖ്യാപിച്ച പദ്ധതികളും പരിപാടികളും എന്തെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രഖ്യാപിത പദ്ധതികളുടെ വിശദവിവരവും അവ നടപ്പിലാക്കുന്നതിനായി അധിക വിഭവ സമാഹരണം നടത്തേണ്ടതായി വരുന്ന തുകയും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 100 ദിവസത്തെ കർമ്മ പരിപാടിയും ഒരു വർഷത്തെ ആക്ഷൻ പ്ലാനും പ്രഖ്യാപിച്ചു.

(ബി) ഈ സർക്കാർ പ്രഖ്യാപിച്ച 100 ദിവസത്തെ കർമ്മപരിപാടി സെപ്റ്റംബർ 8-ന് ആരംഭിച്ച് ഡിസംബർ 17-ന് അവസാനിക്കുന്നതാണ്. ഇത് പുരോഗമിച്ചുവരുന്നു. ഒരു വർഷത്തെ ആക്ഷൻ പ്ളാൻ 2005 ജനുവരി 1-ന് ആരംഭിച്ച് ഡിസംബർ 31-ന് അവസാനിക്കുന്നതാണ്. 100 ദിവസത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദ വിവരവും കൈവരിച്ച പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഒരു വർഷത്തെ ആക്ഷൻ പ്ളാനിൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾ തീരുമാനിച്ചു കഴിഞ്ഞിട്ടില്ല. 100 ദിവസത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികളായതിനാൽ അധിക വിഭവസമാഹരണം വേണ്ടി വരുന്നില്ല.

വാർഷിക പദ്ധതിയുടെ അടങ്കൽ

19 [20] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര എന്നറിയിക്കാമോ;

(ബി) വിവിധ മേഖലകളിൽ ചെലവഴിക്കേണ്ട തുകയുടെ കാര്യത്തിൽ സംസ്ഥാന സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയുടെ അടങ്കൽ എത്രയായിരുന്നു; ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചു.

(ഡി) 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ വാർഷിക പദ്ധതിയുടെ അടങ്കൽ എത്ര വീതമായിരുന്നുവെന്നും പ്രസ്തുത വർഷങ്ങളിൽ ചെലവഴിച്ച തുക എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ?

---

† അനുബന്ധം- III കാണുക.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) 2005-2006-ലെ വാർഷിക പദ്ധതി അടങ്കലും വിവിധ മേഖലകളിൽ ചെലവഴിക്കേണ്ട തുകയും 20-12-2004-ൽ മുഖ്യമന്ത്രി പ്ലാനിംഗ് കമ്മീഷനുമായി നടത്തുന്ന ചർച്ചകളിൽ തീരുമാനിക്കുന്നതാണ്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം (2003-2004) വാർഷിക പദ്ധതി അടങ്കൽ 4430.25 കോടി രൂപയായിരുന്നു. ഇതിൽ താൽക്കാലിക കണക്കനുസരിച്ച് 3564.92 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി)

വർഷം	*പദ്ധതി അടങ്കൽ (പരിഷ്കരിച്ചത്)*	*ചെലവ് (രൂപ കോടിയിൽ)*
2001-2002	2260.00	2531.00 †
2002-2003	3425.00	3943.99 †
2003-2004	4430.25	3564.92 ††
2004-2005	4800.00	1759.05 ¶

നിയമ ബിരുദധാരികൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ കണ്ടെത്താൻ നടപടി

20 [28] *ശ്രീ. കെ. എൻ. എ. ഖാദർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ ബിരുദധാരികൾക്ക് സർക്കാർ സർവ്വീസിൽ കൂടുതൽ തൊഴിൽ സാദ്ധ്യതകൾ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിയമപരമായ വിജ്ഞാനം ആവശ്യമുള്ള ഉദ്യോഗങ്ങൾക്ക് നേരിട്ട് റിക്രൂട്ട്മെന്റ് നടത്തുവാൻ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) നിയമ ബിരുദധാരികൾക്ക് സർക്കാർ സർവ്വീസിൽ ഇപ്പോൾതന്നെ നിരവധി തൊഴിലവസരങ്ങൾ ഉണ്ട്.

(ബി) നിയമപരമായ വിജ്ഞാനം ആവശ്യമുള്ള ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പി. എസ്. സി. മുഖേന നേരിട്ട് നിയമനം നടത്താറുണ്ട്. കൂടാതെ നിയമപരമായ യോഗ്യത ആവശ്യമുള്ള ഉദ്യോഗങ്ങൾക്ക് ഇപ്പോൾതന്നെ നേരിട്ട് നിയമനം നടത്തുന്നുണ്ട്.

---

† അക്കൗണ്ട്

†† താൽക്കാലികം

¶ 31-10-2004 വരെയുള്ള താൽക്കാലിക കണക്ക്

LIBRARY ARCHIVES Kerala Legislative Assembly